പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

ബുള്ളറ്റിൻ ഭാഗം-2

2016 ജൂൺ 27

നമ്പർ:16

## പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

മേൽ സൂചിപ്പിച്ചിട്ടുള്ള നാല് ധനകാര്യ കമ്മിറ്റികളിലേക്കും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനും അവയുടെ സൂക്ഷ്മ പരിശോധനയ്ക്കും പത്രിക പിൻവലിക്കുന്നതിനും തെരഞ്ഞെടുപ്പിനും ഉള്ള തീയതിയും സമയവും താഴെപ്പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു. ഓരോ കമ്മിറ്റിയുടെയും അംഗസംഖ്യ പതിനൊന്നാണ്.

| | |
|---|---|
| സെക്രട്ടറി മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും. | 2016 ജൂൺ 30, വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണി വരെ. |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന. | 2016 ജൂലൈ 1, വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക്. |
| നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും സമയവും. | 2016 ജൂലൈ 8, വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ. |
| ആവശ്യമായി വരികയാണെങ്കിൽ വോട്ടെടുപ്പ് നടത്തുന്ന തീയതിയും സമയവും. | 2016 ജൂലൈ 14 വ്യാഴാഴ്ച രാവിലെ 8.30 നും ഉച്ചയ്ക്ക് ശേഷം 1.30 നും മദ്ധ്യേ. |

വോട്ടെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ നിയമസഭാ മന്ദിരത്തിലുള്ള മെംമ്പേഴ്സ് ലോഞ്ചിൽ വച്ച് ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് മുഖേന വോട്ടെടുപ്പ് നടത്തുന്നതാണ്.

**പി. ജയലക്ഷ്മി,**
സെക്രട്ടറി-ഇൻ-ചാർജ്ജ്.